## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 506** — **09-07-2024 - ൽ മറുപടിയ്ക്ക്**

## തിരുവിതാംകൂർ ദേവസ്വം ക്ഷേത്രങ്ങളിലെ സ്വർണ നിക്ഷേപ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ എം മുകേഷ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | തിരുവിതാംകൂർ ദേവസ്വം ക്ഷേത്രങ്ങളിൽ നിത്യപൂജയ്ക്കോ ഉത്സവങ്ങൾക്കോ ഉപയോഗിക്കാത്ത, സ്ട്രോങ്ങ് റൂമിൽ സൂക്ഷിച്ചിരുന്ന സ്വർണ്ണ ഉരുപ്പടികൾ റിസർവ് ബാങ്കിന്റെ ഡിപ്പോസിറ്റ് സ്കീം പ്രകാരം ബാങ്കിലേയ്ക്ക് മാറ്റുന്നതിന് ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ചിട്ടുള്ള സ്വർണ്ണ ഉരുപ്പടികളിൽ നിത്യ പൂജ, ഉത്സവങ്ങൾ, വിശേഷാൽ ഉപയോഗങ്ങൾ, പൗരാണിക മൂല്യമുള്ളവ എന്നീ ഇനങ്ങളിൽപ്പെട്ട തിരുവാഭരണങ്ങൾ ഒഴികെയുള്ളവയിൽ 500 കിലോഗ്രാം സ്വർണ്ണം ഗോൾഡ് മോണിറ്റൈസേഷൻ പദ്ധതിയിൽ നിക്ഷേപിക്കുന്നതിന് 25/07/2023-ലെ DBA No.01/2023 നമ്പർ പ്രകാരം ബഹു. ഹൈക്കോടതിയുടെ അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | തിരുവിതാംകൂർ ദേവസ്വത്തിലെ വിവിധ ക്ഷേത്രങ്ങളിൽ ഉപയോഗിക്കാതെ നശിച്ച് പോകുന്ന വിളക്കുകളും പാത്രങ്ങളും ലേലം ചെയ്യുന്നതിന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ചിട്ടുള്ളതും ഉപയോഗശൂന്യമായതുമായ ചെമ്പ്, പിത്തള, ഓട് വകകൾ, പാത്രങ്ങൾ, ക്ഷേത്രാവശ്യത്തിന് ഉപയോഗിക്കാത്ത വിളക്കുകൾ എന്നിവ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി ലേലം ചെയ്യുന്നതിന് 24/08/2023-ലെ DBA No.6/2023 നമ്പർ പ്രകാരം ബഹു. ഹൈക്കോടതിയുടെ അനുമതി നൽകിയിട്ടുണ്ട്.<br><br>**<u>വ്യവസ്ഥകൾ</u>**<br><br>ഉപയോഗശൂന്യമായ ചെമ്പ്, പിത്തള, ഓട് വകകൾ, പാത്രങ്ങൾ, ക്ഷേത്രാവശ്യത്തിന് ഉപയോഗിക്കാത്ത വിളക്കുകൾ എന്നിവ ദേവസ്വം ഗ്രൂപ്പടിസ്ഥാനത്തിൽ ഇനം തിരിച്ച് ലേലം ചെയ്യേണ്ടതാണ്, നടവരവ് ഇനങ്ങളുടെ ആകെ തൂക്കം കിലോഗ്രാമിൽ മാത്രമേ കണക്കാക്കാവൂ, ലേല വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുൻപ് ഓരോ ഗ്രൂപ്പിനും കീഴിലുള്ള ദേവസ്വങ്ങളിലെ ടി വകകളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ സീനിയർ ഡെപ്യൂട്ടി |

| | | | |
|---|---|---|---|
| | | | ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്(റ്റി.ഡി.ബി)-യ്ക്ക് നൽകേണ്ടതാണ്. വിശദാംശങ്ങൾ ലഭ്യമല്ലാത്തപക്ഷം ഓഡിറ്റ് വിഭാഗത്തിന്റെ അനുമതി ലഭ്യമാക്കേണ്ടതും സീനിയർ ഡെപ്യൂട്ടി ഡയറക്ടർ വിശദീകരണം ആവശ്യപ്പെടുന്ന പക്ഷം ബോർഡ് അത് സമയബന്ധിതമായി നൽകേണ്ടതുമാണ്. ടെണ്ടർ വിജ്ഞാപനം തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിലും കേരളം, തമിഴ്നാട്, കർണാടകം, ആന്ധ്രപ്രദേശ് എന്നിവിടങ്ങളിലെ പ്രമുഖ ദിനപത്രങ്ങളിലും ഇംഗ്ലീഷ് ഉൾപ്പെടെ ദക്ഷിണേന്ത്യൻ ഭാഷകളിലെല്ലാം ഇനം തിരിച്ച് ദേവസ്വം കമ്മീഷണർ പ്രസിദ്ധീകരിക്കേണ്ടതാണ്. കൂടാതെ മാർക്കറ്റ് നിരക്കനുസരിച്ച് വസ്തുക്കളുടെ അടിസ്ഥാന വിലയും സെക്യൂരിറ്റി ഡെപ്പോസിറ്റ് തുകയും ദേവസ്വം കമ്മീഷണർ നിശ്ചയിക്കേണ്ടതാണ്. |
| (സി) | എങ്കിൽ ഇതനുസരിച്ച് എന്തെല്ലാം നടപടികളാണ് ഇതുവരെ കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളിൽ നടവരവായി ലഭിച്ചിട്ടുള്ളതും ഉപയോഗശൂന്യമായതുമായ ചെമ്പ്, പിത്തള, ഓട് വകകൾ, പാത്രങ്ങൾ, ക്ഷേത്രാവശ്യത്തിന് ഉപയോഗിക്കാത്ത വിളക്കുകൾ എന്നിവയുടെ ദേവസ്വം തിരിച്ച് തൂക്കം തിട്ടപ്പെടുത്തിയ (ലോഹം തിരിച്ച്) റിപ്പോർട്ട് നൽകുന്നതിന് തിരുവാഭരണം കമ്മീഷണർക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് എതെങ്കിലും ദേവസ്വം ബോർഡുകൾ ഇതിനുമുമ്പ് ഇത്തരം നിക്ഷേപ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഇത്തരം നിക്ഷേപം നടത്തുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | കൊച്ചിൻ ദേവസ്വം ബോർഡും ബഹു. ഹൈക്കോടതിയുടെ അനുമതിയോടെ ഗോൾഡ് മോണിറ്റൈസേഷൻ സ്കീം പ്രകാരം സ്വർണം നിക്ഷേപിച്ചിട്ടുണ്ട്.<br><br>ഗുരുവായൂർ ക്ഷേത്രത്തിൽ വഴിപാടായി ലഭിച്ചിട്ടുള്ള നിത്യപൂജയ്ക്കോ, ഉത്സവങ്ങൾക്കോ ഉപയോഗിക്കാത്ത സ്വർണ്ണ ഉരുപ്പടികൾ ഇന്ത്യ ഗവൺമെന്റ് മിന്റിൽ ഉരുക്കിയതിന് ശേഷം സ്വർണ്ണക്കട്ടികളാക്കി റിസർവ് ബാങ്കിന്റെ ഗോൾഡ് ഡെപ്പോസിറ്റ് സ്കീമിൽ നിക്ഷേപിച്ചിട്ടുണ്ട്.<br><br>കൂടാതെ മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള മാമാനിക്കുന്ന് ശ്രീ മഹാദേവീ ക്ഷേത്രത്തിലും ശ്രീ കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിലും സ്വർണ്ണ നിക്ഷേപ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ